**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2071 08.03.2018-ലെ മറുപടിയ്ക്ക്

**ദേശീയ അന്തർദേശീയ കായിക മേളയിലെ വിജയികൾക്ക് സർക്കാർ ജോലി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ദേശീയ അന്തർദേശീയ കായിക മേളകളിൽ വിജയികളാകുന്നവർക്ക് സംസ്ഥാന സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷം കൊണ്ട് എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് എന്ന് വർഷം തിരിച്ചും ഏതൊക്കെ വകുപ്പുകളിലാണ് ജോലി നൽകിയിട്ടുള്ളത് എന്ന് ഇനം തിരിച്ചും പട്ടിക ലഭ്യമാക്കാമോ ; | (എ) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2009 കലണ്ടർ വർഷം വരെയുള്ള ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് വിവിധ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിലെ പൊതു ഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | ദേശീയ മേളകളിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റേയോ പൊതു മേഖലാ | (ബി) & | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളുടെയോ ജോലി നൽകുമെന്ന പ്രഖ്യാപനം എല്ലാ വർഷവും നടപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക നിയമന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | |
| (സി) | ഗെയിംസ് ഇനങ്ങളിൽ ദേശീയ തലത്തിൽ സമ്മാനാർഹരാകുകയോ അന്തർ ദേശീയ തലത്തിൽ മത്സരിക്കുകയോ ചെയ്യുന്നവർക്കായി സർക്കാർ വകുപ്പുകളിലോ പൊതു മേഖലാ സ്ഥാപനങ്ങളിലോ ജോലി നൽകാൻ പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**